## 'ഭരണഭാഷ-മാതൃഭാഷ'

നമ്പർ.സി.എ/ഇ.സി-39/2016

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
നന്ദാവനം, തിരുവനന്തപുരം-33
തീയതി:05-07-2016

പ്രേഷകൻ

എക്സൈസ് കമ്മീഷണർ

ഗ്രാഹകൻ

എല്ലാ ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും
എല്ലാ ജില്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും

സർ,

വിഷയം:- എക്സൈസ് എൻഫോഴ്സ്മെന്റ് - വിവരങ്ങൾ (Information) വില്ലേജ്/റേഞ്ച് അടിസ്ഥാനത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

താങ്കളുടെ ഡിവിഷനിലെ എക്സൈസ് റേഞ്ച് ഓഫീസുകൾ, എക്സൈസ് സർക്കിൾ ഓഫീസുകൾ തുടങ്ങി എൻഫോഴ്സ്മെന്റ് ഓഫീസുകളിലേക്ക് പൊതുജനങ്ങളിൽ നിന്നും, വകുപ്പിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ (Information) രേഖപ്പെടുത്തുന്നതിനുവേണ്ടി പ്രത്യേകമായി ഓരോ വില്ലേജിനും ഒരു Information Register എന്ന രജിസ്റ്റർ ആരംഭിക്കേണ്ടതാണ്. ജില്ലാ മുഴുവനും അധികാരപരിധിയുള്ള എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർകോട്ടിക്സ് സ്പെഷ്യൽ സ്ക്വാഡ് തുടങ്ങിയ എൻഫോഴ്സ്മെന്റ് ഓഫീസുകളിൽ ടി വിവരങ്ങൾ ഓരോ റേഞ്ച് അടിസ്ഥാനത്തിലായിരിക്കണം എഴുതി സൂക്ഷിക്കേണ്ടത്. വിവരം ലഭിച്ചു കഴിഞ്ഞാൽ അതിലേയ്ക്ക് സ്വീകരിച്ച നടപടികളും തീയതി വച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. മുൻകാലത്ത് നൽകിയിട്ടുള്ള നിർദ്ദേശ പ്രകാരമായിരിക്കണം Information Register തയ്യാറാക്കേണ്ടത്. മേലുദ്യോഗസ്ഥന്മാർ സന്ദർശനം നടത്തുന്ന സമയങ്ങളിൽ ടി രജിസ്റ്ററുകൾ കൃത്യമായി പരിശോധന നടത്തേണ്ടതാണ്. ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ/അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ എന്നിവർ കൃത്യമായും മേൽ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഓഫീസർമാർക്ക് നൽകി 10.07.2016 നു മുൻപ് ടി രജിസ്റ്ററുകൾ ആരംഭിച്ചതായി ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

എക്സൈസ് കമ്മീഷണർ

DP3-2665/16 തീ: 7/7/16
എല്ലാ ഓഫീസുകൾക്കും അറിവിലേക്കും തുടർ നടപടിക്കായും അയക്കുന്നു.
നടപടി വിവരം 31/7/16 നു മുൻപ് അറിയിക്കുക.

Value is to be fixed

DESPATCHED
27/07/16

DEPUTY COMMISSIONER
7/7/16

32